പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം. * T 239 | 14.12 .2015 ൽ മറുപടിക്ക് |
|---|---|

**ആശുപത്രികളിലെ ലാബ് സൗകര്യം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ചിറ്റയം ഗോപകുമാർ<br>,, വി.എസ്.സുനിൽ കുമാർ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ.അജിത്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | രക്തപരിശോധനയ്ക്ക് സൗകര്യമില്ലാത്ത സർക്കാർ ആശുപത്രികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) | എല്ലാ സർക്കാർ മെഡിക്കൽ കോളേജ്/ജില്ലാ/ ജനറൽ/താലൂക്ക് ആശുപത്രികളിലും രക്ത പരിശോധനയ്ക്ക് ലാബ് സൗകര്യം ലഭ്യമാണ്. |
| ബി) | പ്രസ്തുത ആശുപത്രികളിൽ ലാബ് സൗകര്യം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ദേശീയ ആരോഗ്യദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി ഇതുവരെ 134 ഓളം പ്രാഥമിക / സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽലാബുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.കൂടാതെ സംസ്ഥാനത്തിലെ തെരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക / സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലബോറട്ടറി സംവിധാനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് താഴെ പ്പറയുന്ന നിബന്ധനകൾ പ്രകാരമാണ്.<br>1. ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000/- രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി തുകയുടെ 20% ചെലവ് അതാത്പഞ്ചായത്തുകൾ വഹിക്കണം.<br>2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നു തന്നെ വഹിക്കാമെന്ന HMC -യുടെ തീരുമാനം.<br>3. ലാബിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ കുറഞ്ഞത് പ്രതിദിനം 100 ഒ.പി. ഉണ്ടായിരിക്കണം.<br>4. ടി സ്ഥാപനങ്ങളിൽ ലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി 150 ച. അടി വിസ്തീർണ്ണമുള്ള മുറി ഉണ്ടായിരിക്കണം. |

സെക്ഷൻ ഓഫീസർ